വിവരം നൽകുന്ന മെനുകാർഡ് ഭക്ഷണമല്ല. ആഗ്ര എന്ന സ്ഥലത്തിന്റെ ഭൂപടം കണ്ടു എന്നു കരുതി നാം ആഗ്രയെക്കുറിച്ച് പൂർണമായി അറിയണമെന്നില്ല. അതു സംഭവിക്കണമെങ്കിൽ ആഗ്രഹയിൽ നാം എത്തണം. ഭക്ഷണത്തിന്റെ രുചി അറിയണമെങ്കിൽ വിശപ്പ് അടങ്ങണമെങ്കിൽ നാം അത് ഭക്ഷിക്കണം. മനുഷ്യർ പലപ്പോഴും പ്രതികരിക്കുന്നത് ഇത്തരത്തിലാണ്. അത് വസ്തുതയോടല്ല. അതിനാൽ തന്നെ മറ്റുള്ളവരുടെ പ്രതികരണങ്ങളെ നാം ബഹുമാനിക്കണം. കാരണം അത് അവരുടെ ഭൂപടമാണ്. അല്ലെങ്കിൽ വസ്തുതയാണ്. വ്യക്തിയെമാറ്റുന്നതിനപ്പുറത്ത് വ്യക്തി കാണുന്ന രീതിയെ മാറ്റിയാൽ ഈ ലോകത്തിന്റെ അവസ്ഥ കൂടുതൽ ശോഭനമാകും.

## 3. തെരഞ്ഞെടുക്കാനുള്ള സാധ്യത

എനിക്ക് 'ചോയ്സ്' ഇല്ലായിരുന്നു എന്ന് ചിലർ പറയുന്നത് കേൾക്കാറുണ്ട്. ഇത് തികച്ചും തെറ്റാണ്. തെരഞ്ഞെടുപ്പ് എല്ലായ്പ്പോഴും സാധ്യമാണ്. ശരിയായതിനെ തെരഞ്ഞെടുക്കുന്നതിലൂടെ മനുഷ്യർ വിജയം നേടുന്നു. മനുഷ്യൻ സാധാരണരീതിയിൽ ലഭ്യമായവയിൽ നിന്നും തെരഞ്ഞെടുക്കുന്നു. എന്നാൽ ചിലർ സാധ്യതകളെ സൃഷ്ടിക്കുകകൂടി ചെയ്യുന്നു. ഇത് ഉന്നത വിജയത്തിന് അനിവാര്യമാണ്.

## 4. ഒരാൾക്ക് സാധ്യമായത് ആർക്കും സാധ്യം

ഒരു വ്യക്തി നേടുന്ന നേട്ടം കാണുകയും ആ നേട്ടം തനിക്കും നേടണമെന്ന് ആഗ്രഹിക്കുകയും ആ വ്യക്തി എങ്ങനെയാണോ അത് നേടിയത് അതുപോലെ പ്രവർത്തിക്കുകയും ചെയ്താൽ ആർക്കും ആ നേട്ടത്തിന് സാധിക്കും. ചില യുക്തിസഹജമായ കാര്യങ്ങൾ ഇവിടെ വിസ്മരിക്കരുത്. 40 വയസായ ഒരു ഇന്ത്യൻ പൗരന് സാധാരണ രീതിയിൽ സിവിൽ സർവീസിൽ കയറിപ്പറ്റുവാൻ കഴിയില്ല. സിവിൽ സർവീസ് പരീക്ഷ വിജയിച്ച വ്യക്തി എന്നു മുതൽ അതിന് പരിശ്രമിച്ചു എന്നതും വിജയിച്ചു എന്നതും നാം മനസിലാക്കണം. ആ പ്രായമാണ് നമുക്കെങ്കിൽ വിജയിച്ച വ്യക്തിയെ കണ്ട് മനസിലാക്കി പഠിക്കുകയും അതിലൂടെ നമുക്ക് അത് നേടുവാൻ കഴിയും.

## 5. പരാജയം എന്നൊന്നില്ല നേടുന്നത് അനുഭവസമ്പത്ത്

ജീവിതത്തിൽ നാം ഒരിക്കലും ഒരിടത്തും പരാജയപ്പെടുന്നില്ല. അനുഭവസമ്പത്തോടെ കൂടുതൽ ധൈര്യത്തോടെ നമുക്കത് വീണ്ടും നേടുവാൻ അല്ലെങ്കിൽ വിജയം കൈവരിക്കാൻ സാധിക്കും. ഇതാണ് വിജയികളുടെ ഏറ്റവും സുപ്രധാന സമീപന രീതി. ഏതു പ്രവൃത്തിക്കും അതിന്റേതായ ഫലം ലഭിക്കുന്നു. അതിനെ നാം മെച്ചപ്പെടുത്തണം എന്നുമാത്രം.



> ഒരു വ്യക്തി നേടുന്ന നേട്ടം കാണുകയും ആ നേട്ടം തനിക്കും നേടണമെന്ന് ആഗ്രഹിക്കുകയും ആ വ്യക്തി എങ്ങനെയാണോ അത് നേടിയത് അതുപോലെ പ്രവർത്തിക്കുകയും ചെയ്താൽ ആർക്കും ആ നേട്ടത്തിന് സാധിക്കും. ചില യുക്തിസഹജമായ കാര്യങ്ങൾ ഇവിടെ വിസ്മരിക്കരുത്

## 6. വ്യത്യസ്ത ഫലം

ഇപ്പോൾ ചെയ്യുന്ന കാര്യം നാളെയും ചെയ്യുകയാണെങ്കിൽ ഇപ്പോൾ ലഭിക്കുന്ന ഫലം നാളെയും ലഭിക്കും. വ്യത്യസ്ത ഫലം ആഗ്രഹിക്കുന്നു എങ്കിൽ വ്യത്യസ്തമായ പ്രവൃത്തി ചെയ്യുക. വിജയത്തിന്റെ സുപ്രധാന തത്വങ്ങളിൽ ഒന്നാണിത്. ഇത് വസ്തുതയാണ്. വ്യത്യസ്ത ഫലം ആഗ്രഹിക്കുന്നുവർ പ്രവർത്തിയിൽ മാറ്റം വരുത്തുന്നു. അത് അനിവാര്യമാണ്.

## 7. സദുദ്ദേശത്തോടെ പെരുമാറ്റം

ഓരോ പെരുമാറ്റത്തിനു പിന്നിലും ഒരു സദുദ്ദേശമുണ്ട്. ഒരു വ്യക്തി ഒരു കാര്യം ചെയ്യുമ്പോൾ ആ സമയത്ത് ആ വ്യക്തിയെ സംബന്ധിച്ചിടത്തോളം അത് ശരിയാണ്. പക്ഷേ, മറ്റുള്ളവർക്ക് ചെയ്യുന്ന വ്യക്തിയുടെ മാനസിവസ്ഥയും സാഹചര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. വ്യക്തി എന്ന് പറയുന്നത് പ്രവൃത്തിയല്ല. വ്യക്തിയുടെ കാഴ്ചപ്പാടിൽ മാറ്റം വന്നാൽ പ്രവൃത്തിയിലും മാറ്റം വരും.

## 8. ആശയവിനിമയത്തിന്റെ അർഥം

ആശയനിവിനിമയത്തിന്റെ അർഥം നാം അറിയേണ്ടത് നമുക്ക് ലഭിക്കുന്ന പ്രത്യുത്തരത്തിൽ നിന്നുമാണ്. നമ്മുടെ ആശയവിനിമയം, ശരീരഭാഷ, സംസാരഭാഷ, ശബ്ദവ്യതിയാനങ്ങൾ, ടോൺ എന്നിവയുടെ എല്ലാം ആകെ തുകയാണ്. ഇക്കാരണങ്ങളാൽ തന്നെ നാം ആഗ്രഹിക്കുന്ന പ്രത്യുത്തരമാകണമെന്നില്ല നമുക്ക് ലഭിക്കുന്നത്. അതിനാൽ നാം നമ്മളിൽ തന്നെ ചിലമാറ്റങ്ങൾ വരുത്തേണ്ടിവരാം.

## 9. മനസും ശരീരവും രണ്ട് വ്യത്യസ്ത ഭാഗങ്ങൾ

മനസും ശരീരവും ഒരു സിസ്റ്റത്തിന്റെ രണ്ട് വ്യത്യസ്ത ഭാഗങ്ങളാണ്. ഒരു വ്യക്തിയുടെ രണ്ട് ഭാഗങ്ങളാണ് മനസും ശരീരവും. ഇവ പരസ്പരം വേർതിരിക്കാനാവാത്ത വിധം ബന്ധപ്പെട്ടിരിക്കുന്നു. മനസ് ശരീരത്തിലും ശരീരം മനസിലും അപാരസ്വാധീനം ചെലുത്തുന്നു.

## 10. വിഭവങ്ങൾ കണ്ടെത്തുക

മനുഷ്യരുടെ കൈവശം അവർക്ക് ആവശ്യമുള്ള എല്ലാ വിഭവങ്ങളും ഉണ്ട് ഇത് നാം കണ്ടെത്തണമെന്ന് മാത്രം. നാം എല്ലാവരും ആവശ്യമായ വിഭവങ്ങളാൽ സമ്പന്നരാണ്. ഇവയുടെ കണ്ടെത്തലും ശരിയായ ഉപയോഗവും വിജയത്തെ നിശ്ചയിക്കുന്നു.

മേൽ സൂചിപ്പിച്ച പത്ത് എൻ.എൽ.പിയുടെ അടിസ്ഥാന തത്വങ്ങളും മനുഷ്യ വിജയത്തിന് അനിവാര്യമായവതന്നെ. ഇത്തരം തത്വങ്ങളെക്കുറിച്ചുള്ള ചിന്തയും വിലയിരുത്തലും വ്യക്തികളുടെ കാഴ്ചപ്പാടിൽ വലിയ മാറ്റങ്ങൾ വരുത്തും. ■